### പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1311 30.01.2018 ൽ മറുപടിയ്ക്ക്**

## സർക്കാർ സ്കൂളുകളിലെ ശുചീകരണ തൊഴിലാളികളുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിക്കുന്നത് എപ്രകാരമാണെന്നും ഇവർക്ക് നിശ്ചയിച്ചിട്ടുള്ള വേതനം എത്രയെന്നും വ്യക്തമാക്കുമോ; | (എ) | കെ.ഇ.ആർ അധ്യായം XXIV-A, ചട്ടം 1 (3) പ്രകാരമാണ് സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ (സ്വീപ്പർ/ഫുൾടൈം മീനിയൽ) നിയമിക്കുന്നത്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി താഴെപ്പറയുന്ന ക്രമത്തിലാണ് തസ്തികകൾ അനുവദിക്കുന്നത്.<br>699 കുട്ടികൾ വരെ - 1 എഫ്.ടി.എം<br>700 മുതൽ 1499 വരെ - 2 എഫ്.ടി.എം<br>1500 മുതൽ - 3 എഫ്.ടി.എം<br><br>കെ.ഇ.ആർ അധ്യായം XXIV-A, ചട്ടം 1 പ്രകാരം യു.പിസ്കൂളുകളിൽ പ്യൂൺ (ഓഫീസ് അറ്റൻഡന്റ്) തസ്തിക ഒരെണ്ണം മാത്രമേയുള്ളൂ. ഇത് കൂടാതെ സർക്കാർ എൽ.പി.സ്കൂളുകളിൽ ഒരു പാർട്ട്-ടൈം കണ്ടിജന്റ് എംപ്ലോയി തസ്തിക അനുവദിക്കുന്നുണ്ട്. ഇവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ശമ്പള സ്കെയിലിലാണ് ശമ്പളം നൽകി വരുന്നത്. ഇപ്പോൾ നിലവിലുള്ള ശമ്പള സ്കെയിൽ താഴെ പറയുന്നു.<br>ഫുൾടൈം മീനിയൽ - 16500-35700<br>പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയി - 9340-14800 |

| | | | |
|---|---|---|---|
| (ബി) | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണോ പ്രസ്തുത ജോലിക്കാരെ നിയമിക്കുന്നത് ; എയ്ഡഡ് സ്കൂളുകളിൽ ഇവരുടെ നിയമനം എപ്രകാരമാണ്; | (ബി) | സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണ് തസ്തികകൾ അനുവദിക്കുന്നത്. സർക്കാർ എൽ.പി.സ്കൂളുകളിലെല്ലാം കുട്ടികളുടെ എണ്ണം കണക്കിലെടുക്കാതെ ഓരോ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയി തസ്തിക അനുവദിക്കുന്നുണ്ട്. എന്നാൽ എയ്ഡഡ് എൽ.പി സ്കൂളുകളിൽ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയി തസ്തിക അനുവദിക്കുന്നില്ല. സർക്കാർ, എയ്ഡഡ് യു.പിസ്കൂളുകളിലെല്ലാം ഓരോ പ്യൂൺ തസ്തിക അനുവദിക്കുന്നുണ്ട്. എയ്ഡഡ് എൽ.പി, യു.പി സ്കൂളുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ചെലവ് മാനേജർക്ക് വർഷം തോറും നല്കുന്ന മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും വഹിക്കാമെന്ന് കെ.ഇ.ആർ അധ്യായം XXVIII-A, ചട്ടം 3 (XI) ൽ പറയുന്നുണ്ട്. |
| (സി) | പല സ്കൂളുകളിലും വൻതുക ചെലവഴിച്ച് നിർമ്മിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ആവശ്യത്തിന് ശുചീകരണ ജോലിക്കാർ ഇല്ലാത്തതിനാൽ പാഴാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | സ്കൂളുകളും പരിസരവും ശുചിയായി സൂക്ഷിക്കുകയെന്നത് സ്ഥാപന മേധാവി മുതൽ സ്വീപ്പർ വരെയുള്ളവരുടെ കൂട്ടുത്തരവാദിത്തമാണ്. ശുചീകരണത്തിനായി പ്രത്യേക ജീവനക്കാരില്ലാത്ത സ്കൂളുകൾ അക്കാരണത്താൽ ശുചിത്വമില്ലാത്ത അവസ്ഥയിൽ തുടരുന്ന ഉദാഹരണങ്ങൾ നമ്മുടെ പൊതു വിദ്യാലയങ്ങളിലില്ല. അധ്യാപക-രക്ഷകർതൃ സമിതിയുടെയും സ്കൂളുകളിലെ എല്ലാ ജീവനക്കരുടെയും സഹകരണത്തോടെ ഇത്തരം വിദ്യാലയങ്ങളും ശുചിത്വം പാലിക്കുന്നുണ്ട്. |

Hadeena

സെക്ഷൻ ഓഫീസർ